LIBRARY ARCHIVES Kerala Legislative Assembly

വെള്ളക്കരം പിരിക്കുന്നതിനെപ്പറ്റി പരാതി.

* 638. [41] ശ്രീ. എം. എ. ജോൺ: തദ്ദേശ കാര്യങ്ങൾ ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളക്കരം (വാട്ടർ സെസ്സ്) പിരിക്കുന്നതിനെതിരായി ഗവണ്മെന്റ് സ്റ്റേ നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എതെല്ലാം സ്ഥലങ്ങളിൽ;

(സി) പലതാലൂക്കുകളിലും സ്റ്റേ ഓർഡർ ലഭിക്കാത്തതുകൊണ്ട് ഇപ്പോഴും നിബ്ബന്ധമായി വെള്ളക്കരം പിരിക്കുന്നുണ്ടോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഉണ്ട്;

(ബി) ലിഫ്റ്റ് ഇറിഗേഷൻ പ്രദേശങ്ങളിലേയും, പീച്ചി ജലസേചനപദ്ധതിയിൽപ്പെട്ട ചില സ്ഥലങ്ങളിലേയും വെള്ളക്കരം പിരിവ് നിത്തിവച്ചിട്ടുണ്ട്.

(സി) ഇല്ല.

എ. ബി. സി. ഡിപ്പാർട്ടുമെന്റിന്റെ വികസനകാര്യങ്ങൾ.

* 639. [44] ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. ബി. സി. ഡിപ്പാർട്ടുമെന്റിന്റെ വികസനകാര്യം രേഖപ്പെടുത്തി, സബ്ബ് കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ട് ഗവണ്മെന്റിന്റെ പരിഗണനയിലായോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുവാൻ ഇടയുണ്ടോ;

(സി) ഡിപ്പാർട്ടുമെന്റിന്റെ നടത്തിപ്പിനു കൂടുതൽ സംഖ്യ അനുവദിക്കാനിടയുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) സബ്ബ് കമ്മിറ്റി റിപ്പോർട്ട് ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

(ബി) പ്രസ്തുതപദ്ധതികൾ ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നതുകൊണ്ട് ഇപ്പോൾ ഖണ്ഡിതമായി പറയാൻ സാദ്ധ്യമല്ല.

(സി) ഉണ്ട്.

പഞ്ചായത്ത് ഇൻസ്പെക്ടർമാർ.

* 640. [45] ശ്രീ. പി. കെ. ചാത്തൻ: തദ്ദേശ കാര്യങ്ങൾ ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇപ്പോൾ പഞ്ചായത്ത് ഇൻസ്പെക്ടർമാർ എത്രയുണ്ട്; ഓരോ ഇൻസ്പെക്ടർമാരുടേയും കീഴിൽ എത്ര പഞ്ചായത്തുകൾ വീതമാണുള്ളത്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

ഇപ്പോൾ 18 പഞ്ചായത്തുകൾ ഇൻസ്പെക്ടർമാരുണ്ട്. അവരിൽ രണ്ടു പേർ അത്യാവശ്യ പരിശോധനകൾക്കായി പ്രവർത്തിക്കേണ്ടതിലേയ്ക്ക് ഹെഡ് ആഫീസിൽ ജോലി ചെയ്യുകയാണ്. ബാക്കിയുള്ള 16 പേരിൽ ഓരോരുത്തരുടേയും കീഴിൽ 28 മുതൽ 46 വരെ പഞ്ചായത്തുകളുണ്ട്.

UNSTARRED QUESTIONS AND ANSWERS

Anglo-Indians in the Co-operative Department.

315. [3] SHRI A. A. D. LUIZ: Will the Minister for Local Self Government be pleased to state:

The exact number of Anglo-Indians that have been entertained in the Co-operative Department during the past two years?

Answer.

Nil.

Anglo-Indians in the Medical Department.

316. [4] SHRI A. A. D. LUIZ: Will the Minister for Health be pleased to state:

The exact number of Anglo-Indians that have been entertained in the Medical Department during the past three years?

Answer.

Four.

അഞ്ചൽ പദ്ധതി.

317. [5] ശ്രീ. പി. ഗോപാലൻ: തഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിസ്തീർണ്ണത്തിൽ തിരുവിതാംകൂർ–കൊച്ചിയിലെ രണ്ടാമത്തെ പദ്ധതിയായ അഞ്ചൽ പദ്ധതി ജനങ്ങളുടെ സഹായത്തോടും പ്രമാണിച്ചു രണ്ടായി വിഭജിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതേപ്പറ്റി എന്തെങ്കിലും പ്രായോഗിക നിർദ്ദേശങ്ങൾ സർവെ ഡിപ്പാർട്ടുമെന്റ് നൽകിയിട്ടുണ്ടോ?

ഉത്തരം.

(എ) താലൂക്കുകളും വില്ലേജുകളും വിഭജിക്കുന്നതു സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ടു ചെയ്യുന്നതിനു് ഒരു കമ്മിറ്റിയെ ഗവണ്മെന്റ് നിയമിച്ചിട്ടുണ്ട്. അഞ്ചൽ പദ്ധതിയുടെ കാര്യവും പ്രസ്തുത കമ്മിറ്റിയുടെ പരിഗണനയിൽ പെടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly